ഉത്തരം

(എ) 4772 ബസ്സുകൾ ഉണ്ട്.

(ബി) കാലപ്പഴക്കമനുസരിച്ചുള്ള ബസ്സുകളുടെ വിവരങ്ങൾ താഴെ പറയുന്നു:.

1. 1 മുതൽ 5 വർഷം വരെ 1902.
2. 5 മുതൽ 10 വർഷം വരെ 2014.
3. 10 മുതൽ 15 വർഷം വരെ 856.

(സി) ഇതിൽ എല്ലാ ബസ്സുകളും സർവ്വീസ് നടത്താൻ പറ്റിയ വയാണ്. എന്നാൽ ഫിറ്റ്നസ് പുതുക്കുന്നതിനോടനുബന്ധിച്ചുള്ള പണികൾക്കും അപകടം മൂലമുണ്ടായ അറ്റകുറ്റ പണികൾക്കും പ്രതിരോധ മെയിന്റനൻസ് പണികൾക്കുമായി 400 ബസ്സുകൾ വിവിധ വർക്ക് ഷോപ്പുകളിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസ്സുകൾ തുടർന്നുള്ള അറ്റകുറ്റ പണികൾ ചെയ്യുന്നത് ലാഭകരമല്ലായെന്ന് കാണുന്ന പക്ഷം അത്തരം ബസ്സുകൾ ലേലം ചെയ്തു വിൽക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം

69 [2938] ശ്രീ. കെ. ബാബു:
,, ടി. യു. രാധാകൃഷ്ണൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ആർ. ടി. സി.-യുടെ പ്രതിവർഷ നഷ്ടം എത്രയായിരുന്നു;

(ബി) ഈ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ നഷ്ടം എത്രയാണ്;

(സി) ഏതു വിധത്തിലാണ് കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2003-04-ലെ കണക്കുകൾ പൂർത്തീകരിച്ചിട്ടില്ല. താൽക്കാലിക കണക്കുകളനുസരിച്ച് 2003-2004-ൽ 119.97 കോടി രൂപയാണ് നഷ്ടം. 2004-05-ലെ കണക്കുകൾ പൂർത്തീകരിച്ചു വരുന്നതേയുള്ളൂ.

(ബി, സി) 2004-2005 കണക്കുകൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ നഷ്ടം കണക്കാക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly